**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2164** **03-03-2025 - ൽ മറുപടിയ്ക്ക്**

**ചികിത്സാ പിഴവ് മൂലം കീർത്തി സുനുകുമാറിന്റെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൃതിക, ഊന്നുകൽ പോസ്റ്റ്, പത്തനംതിട്ട എന്ന മേൽവിലാസത്തിലെ കല സുനുകുമാർ, സുനുകുമാർ പി. ദമ്പതികളുടെ ഏകമകളും അവസാന വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനിയുമായിരുന്ന 22 വയസുള്ള കീർത്തി സുനുകുമാർ ചികിത്സാ പിഴവ് മൂലം 10.05.2024ൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള മാതാപിതാക്കളുടെ പരാതിയിന്മേൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ കൺവീനറായ ജില്ലാതല എക്സ്പെർട്ട് പാനൽ കമ്മറ്റിയുടെ വിശദമായ റിപ്പോർട്ട് ലഭിക്കാത്തത് കാരണം ഈ വിഷയത്തിലെ പോലീസ് അന്വേഷണം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | കൊച്ചി ആസ്റ്റർ മെഡിസിറ്റിയിലെയും റിനൈ മെഡിസിറ്റിയിലെയും ചികിത്സയിലിരിക്കെ 2024 മെയ് മാസം 10-ന് മരണപ്പെട്ട കീർത്തി സുനുകുമാറിന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ കാലതാമസം നേരിടുന്നതായി ചൂണ്ടിക്കാട്ടി ശ്രീ. സുനുകുമാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ പരാതി സമർപ്പിച്ചിരുന്നു. പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 574/2024 നമ്പർ കേസുമായി ബന്ധപ്പെട്ട് മരണപ്പെട്ട കീർത്തി സുനുകുമാർ-ന്റെ ചികിത്സ നടത്തിയ ചേരാനെല്ലൂർ ആസ്റ്റർ മെഡിസിറ്റി, പാലാരിവട്ടം റിനൈ മെഡിസിറ്റി എന്നീ ആശുപത്രികളിലെ ഡോക്ടർമാരുടെ ഭാഗത്തു നിന്നും, ചികിത്സാ പിഴവ് സംഭവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച എക്സ്പെർട്ട് പാനൽ ഒപ്പീനിയൻ ലഭ്യമാക്കുന്നതിനായി എറണാകുളം അസിസ്റ്റന്റ് പോലീസ് കമ്മീഷണർ 30.08.2024 തീയതിയിൽ കത്ത് നൽകിയിരുന്നു. ജില്ലാതല വിദഗ്ധ സമിതി ചേർന്നുവെങ്കിലും കേസിന്റെ പ്രത്യേകത പരിഗണിച്ച് മെഡിക്കൽ കോളേജിലെ ഡോക്ടർമാർ കൂടി സമിതി അംഗങ്ങളായി വേണമെന്ന് പാനൽ അംഗങ്ങൾ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ഗവ. മെഡിക്കൽ കോളേജിലെ ന്യൂറോളജി, സൈക്യാട്രി, ജനറൽ മെഡിസിൻ, ഫോറൻസിക് വിഭാഗം വിദഗ്ധരെ കൂടി ഉൾപ്പെടുത്തി 26.09.2024 തീയതിയിൽ എക്സ്പെർട്ട് പാനൽ കൂടുകയും 'Treating doctors of both hospitals were found negligent in exercising reasonable care' എന്ന അഭിപ്രായം രേഖപ്പെടുത്തി റിപ്പോർട്ട് 30.09.2024 തീയതിയിൽ അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | പോലീസ് കമ്മീഷണർക്ക് വീണ്ടും കത്ത് നൽകി. തുടർന്ന് 18.03.2025 ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ എക്സ്പെർട്ട് പാനൽ ചേർന്ന് അഭിപ്രായം സർക്കാരിലേക്ക് ലഭ്യമാക്കി. എന്നാൽ പ്രസ്തുത അഭിപ്രായം തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർ അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും സൈക്യാട്രി, ഫോറൻസിക് മെഡിസിൻ, ജനറൽ മെഡിസിൻ, ന്യൂറോളജി എന്നീ വിഭാഗത്തിലെ ഡോക്ടർമാരെ ഉൾപ്പെടുത്തി ഒരു ഉന്നതതല അന്വേഷണ സമിതി രൂപീകരിച്ചുകൊണ്ട് 13/05/2025 തീയതിയിലെ സ.ഉ.(സാധാ) നം.1324/2025/H&FWD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അന്വേഷണ സമിതിയുടെ റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ 10.08.2025 തീയതിയിൽ സമർപ്പിച്ചു.<br><br>ഉന്നതതല അന്വേഷണ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കീർത്തി സുനുകുമാറിന്റെ രോഗനിർണ്ണയത്തിലും തുടർന്നുള്ള ചികിത്സയിലും ആസ്റ്റർ മെഡിസിറ്റി, റിനൈ മെഡിസിറ്റി എന്നിവിടങ്ങളിലെ ഡോക്ടർമാർ വീഴ്ച വരുത്തിയതായി പരാമർശിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ജില്ലാതല എക്സ്പെർട്ട് പാനൽ കമ്മറ്റിയുടെ വിശദമായ റിപ്പോർട്ട് ലഭിക്കാത്തതിനാൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാൻ കഴിയുന്നില്ലെന്ന അന്വേഷണ ഉദ്യോഗസ്ഥനായ കൊച്ചി അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ 25-01-2025 ലെ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | കൊച്ചി ആസ്റ്റർ മെഡിസിറ്റിയിലെയും റിനൈ മെഡിസിറ്റിയിലെയും ചികിത്സയിലിരിക്കെ 2024 മെയ് മാസം 10-നു മരണപ്പെട്ട കീർത്തി സുനുകുമാറിന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ കാലതാമസം നേരിടുന്നതായി ചൂണ്ടിക്കാട്ടി ശ്രീ. സുനുകുമാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ പരാതി സമർപ്പിച്ചിരുന്നു. പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 574/2024 നമ്പർ കേസുമായി ബന്ധപ്പെട്ട് മരണപ്പെട്ട കീർത്തി സുനുകുമാർ-ന്റെ ചികിത്സ നടത്തിയ ചേരാനെല്ലൂർ ആസ്റ്റർ മെഡിസിറ്റി, പാലാരിവട്ടം റിനൈ മെഡിസിറ്റി എന്നീ ആശുപത്രികളിലെ ഡോക്ടർമാരുടെ ഭാഗത്തു നിന്നും, ചികിത്സാ പിഴവ് സംഭവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച എക്സ്പെർട്ട് പാനൽ ഒപ്പീനിയൻ ലഭ്യമാക്കുന്നതിനായി എറണാകുളം അസിസ്റ്റന്റ് പോലീസ് കമ്മീഷണർ 30.08.2024 തീയതിയിൽ കത്ത് നൽകിയിരുന്നു. ജില്ലാതല വിദഗ്ധ സമിതി ചേർന്നുവെങ്കിലും കേസിന്റെ പ്രത്യേകത പരിഗണിച്ച് മെഡിക്കൽ കോളേജിലെ ഡോക്ടർമാർ കൂടി സമിതി |

| | | | |
|---|---|---|---|
| | | | അംഗങ്ങളായി വേണമെന്ന് പാനൽ അംഗങ്ങൾ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ഗവ. മെഡിക്കൽ കോളേജിലെ ന്യൂറോളജി, സൈക്യാട്രി, ജനറൽ മെഡിസിൻ, ഫോറൻസിക് വിഭാഗം വിദഗ്ധരെ കൂടി ഉൾപ്പെടുത്തി 26.09.2024 തീയതിയിൽ എക്സ്പെർട്ട് പാനൽ കൂടുകയും 'Treating doctors of both hospitals were found negligent in exercising reasonable care' എന്ന അഭിപ്രായം രേഖപ്പെടുത്തി റിപ്പോർട്ട് 30.09.2024 തീയതിയിൽ അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്ക് വീണ്ടും കത്ത് നൽകി. തുടർന്ന് 18.03.2025 ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ എക്സ്പെർട്ട് പാനൽ ചേർന്ന് അഭിപ്രായം സർക്കാരിലേക്ക് ലഭ്യമാക്കി. എന്നാൽ പ്രസ്തുത അഭിപ്രായം തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർ അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും സൈക്ക്യാട്രി, ഫോറൻസിക് മെഡിസിൻ, ജനറൽ മെഡിസിൻ, ന്യൂറോളജി എന്നീ വിഭാഗത്തിലെ ഡോക്ടർമാരെ ഉൾപ്പെടുത്തി ഒരു ഉന്നതതല അന്വേഷണ സമിതി രൂപീകരിച്ചുകൊണ്ട് 13/05/2025 തീയതിയിലെ സ.ഉ.(സാധാ) നം.1324/2025/H&FWD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അന്വേഷണ സമിതിയുടെ റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ 10.08.2025 തീയതിയിൽ സമർപ്പിച്ചു.<br><br>ഉന്നതതല അന്വേഷണ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കീർത്തി സുനുകുമാറിന്റെ രോഗനിർണ്ണയത്തിലും തുടർന്നുള്ള ചികിത്സയിലും ആസ്റ്റർ മെഡിസിറ്റി, റിനൈ മെഡിസിറ്റി എന്നിവിടങ്ങളിലെ ഡോക്ടർമാർ വീഴ്ച്ച വരുത്തിയതായി പരാമർശിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഇക്കാര്യത്തിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ കൺവീനറായ ജില്ലാതല എക്സ്പെർട്ട് പാനൽ കമ്മറ്റിയുടെ വിശദമായ റിപ്പോർട്ട് അടിയന്തരമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കൊച്ചി ആസ്റ്റർ മെഡിസിറ്റിയിലെയും റിനൈ മെഡിസിറ്റിയിലെയും ചികിത്സയിലിരിക്കെ 2024 മെയ് മാസം 10-നു മരണപ്പെട്ട കീർത്തി സുനുകുമാറിന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ കാലതാമസം നേരിടുന്നതായി ചൂണ്ടിക്കാട്ടി ശ്രീ. സുനുകുമാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ പരാതി സമർപ്പിച്ചിരുന്നു. പാലാരിവട്ടം |

പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 574/2024 നമ്പർ കേസുമായി ബന്ധപ്പെട്ട് മരണപ്പെട്ട കീർത്തി സുനുകുമാർ-ന്റെ ചികിത്സ നടത്തിയ ചേരാനെല്ലൂർ ആസ്റ്റർ മെഡിസിറ്റി, പാലാരിവട്ടം റിനൈ മെഡിസിറ്റി എന്നീ ആശുപത്രികളിലെ ഡോക്ടർമാരുടെ ഭാഗത്തു നിന്നും, ചികിത്സാ പിഴവ് സംഭവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച എക്സ്പെർട്ട് പാനൽ ഒപ്പീനിയൻ ലഭ്യമാക്കുന്നതിനായി എറണാകുളം അസിസ്റ്റന്റ് പോലീസ് കമ്മീഷണർ 30.08.2024 തീയതിയിൽ കത്ത് നൽകിയിരുന്നു. ജില്ലാതല വിദഗ്ധ സമിതി ചേർന്നുവെങ്കിലും കേസിന്റെ പ്രത്യേകത പരിഗണിച്ച് മെഡിക്കൽ കോളേജിലെ ഡോക്ടർമാർ കൂടി സമിതി അംഗങ്ങളായി വേണമെന്ന് പാനൽ അംഗങ്ങൾ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ഗവ. മെഡിക്കൽ കോളേജിലെ ന്യൂറോളജി, സൈക്യാട്രി, ജനറൽ മെഡിസിൻ, ഫോറൻസിക് വിഭാഗം വിദഗ്ധരെ കൂടി ഉൾപ്പെടുത്തി 26.09.2024 തീയതിയിൽ എക്സ്പെർട്ട് പാനൽ കൂടുകയും 'Treating doctors of both hospitals were found negligent in exercising reasonable care' എന്ന അഭിപ്രായം രേഖപ്പെടുത്തി റിപ്പോർട്ട് 30.09.2024 തീയതിയിൽ അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്ക് വീണ്ടും കത്ത് നൽകി. തുടർന്ന് 18.03.2025 ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ എക്സ്പെർട്ട് പാനൽ ചേർന്ന് അഭിപ്രായം സർക്കാരിലേക്ക് ലഭ്യമാക്കി. എന്നാൽ പ്രസ്തുത അഭിപ്രായം തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർ അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും സൈക്ക്യാട്രി, ഫോറൻസിക് മെഡിസിൻ, ജനറൽ മെഡിസിൻ, ന്യൂറോളജി എന്നീ വിഭാഗത്തിലെ ഡോക്ടർമാരെ ഉൾപ്പെടുത്തി ഒരു ഉന്നതതല അന്വേഷണ സമിതി രൂപീകരിച്ചുകൊണ്ട് 13/05/2025 തീയതിയിലെ സ.ഉ.(സാധാ) നം.1324/2025/H&FWD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അന്വേഷണ സമിതിയുടെ റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ 10.08.2025 തീയതിയിൽ സമർപ്പിച്ചു.

ഉന്നതതല അന്വേഷണ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കീർത്തി സുനുകുമാറിന്റെ

| | | | |
|---|---|---|---|
| | | | രോഗനിർണ്ണയത്തിലും തുടർന്നുള്ള ചികിത്സയിലും ആസ്റ്റർ മെഡിസിറ്റി, റിനൈ മെഡിസിറ്റി എന്നിവിടങ്ങളിലെ ഡോക്ടർമാർ വീഴ്ച്ച വരുത്തിയതായി പരാമർശിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ